➩ *അരുന്ധതിറോയിയുടെ വികലമായ വിശകലനരീതിയാണ് ഇവിടെയും പ്രതിഫലിച്ചത്* ➩

# സ്ത്രീപീഡനത്തിന്റെ സാമൂഹിക പശ്ചാത്തലം

ആൺ, പെൺബന്ധത്തിന്റെ അഭാവം സൃഷ്ടിക്കുന്ന ലൈംഗിക പട്ടിണിയാണ് ഒളിഞ്ഞുനോട്ടം മുതൽ ബലാൽസംഗം വരെയുള്ള ചെയ്തികളിലൂടെ പ്രകടമാകുന്നത്. ലോഡ്ജിൽ റൂമെടുക്കുന്ന കാമുകീകാമുകന്മാരെ നിയമവിരുദ്ധമായി അറസ്റ്റു ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥനിൽ പ്രവർത്തിക്കുന്നത് ഈ ഒളിഞ്ഞുനോട്ട മനോഭാവമാണ്, നിയമപരിപാലന ഉത്തരവാദിത്വമല്ല

**കെ. വേണു**

**കാരണങ്ങൾ** പലതുണ്ടാകുമെങ്കിലും ഡൽഹിയിലെ കൂട്ടബലാൽസംഗം രാജ്യത്തെ മുഴുവൻ പിടിച്ചുകുലുക്കി എന്നത് ചെറിയ കാര്യമല്ല. അതിനുമുമ്പു പിമ്പും കൂട്ടമായതും അല്ലാത്തതുമായ ബലാൽസംഗങ്ങൾ രാജ്യത്തുടനീളം അനവധി നടന്നു, നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഡൽഹി സംഭവം രാജ്യത്തെമ്പാടും പ്രതിഷേധമുയർത്തുകയും എല്ലാ വിഭാഗം ജനങ്ങൾക്കിടയിലും ഈ അവസ്ഥയെക്കുറിച്ചുള്ള ഗൗരവമേറിയ ചർച്ചകൾക്ക് വഴിവെയ്ക്കുകയും ചെയ്തു എന്നതാണ് ശ്രദ്ധേയമായ സംഗതി. ഡൽഹി സംഭവത്തിന്റെ അസാധാരണമായ മൃഗീയത ഉൾപ്പെടെ പല ഘടകങ്ങളും അതിനെ ശ്രദ്ധാകേന്ദ്രമാക്കിയെങ്കിലും സമീപ കാലത്ത് ഡൽഹിയിൽ വളർന്നുവന്ന സിവിൽസമൂഹ പ്രസ്ഥാനത്തിന്റെ പശ്ചാത്തലമാണ് ഇപ്പോൾ ഉയർന്നുവന്ന, തികച്ചും സ്വയോത്ഭവമായ ജനമുന്നേറ്റത്തിന് പ്രധാന ഹേതുവായതെന്ന് കാണേണ്ടിയിരിക്കുന്നു. ചെറുതും വലുതുമായ അനവധി ഘടകങ്ങളുടെ സവിശേഷ ചേരുവയിലൂടെയാണ് ഇത്തരം ചരിത്ര സംഭവങ്ങൾ ഉരുത്തിരിഞ്ഞു വരുന്നത്. സങ്കീർണ്ണമായ പ്രക്രിയകളെ ലളിതമായ സമവാക്യങ്ങൾ കൊണ്ട് വിശകലനം ചെയ്യാൻ ശ്രമിക്കുന്ന അരുന്ധതി റോയിയെപ്പോലുള്ളവർ, മണിപ്പൂരിലേയും കാശ്മീരിലേയും മറ്റും സൈനിക, അർദ്ധസൈനിക വിഭാഗങ്ങൾ നടത്തുന്ന ബലാൽസംഗങ്ങൾക്ക് ലഭിക്കാത്ത പ്രധാന്യം ഡൽഹി സംഭവത്തിന് ലഭിച്ചു എന്നു പറഞ്ഞുകൊണ്ട് അതിനെ ചെറുതാക്കി കാട്ടുവാൻ നടത്തുന്ന ശ്രമം ബാലിശമാണ്. ആദിവാസികൾ നേരിടുന്ന സ്വത്വപ്രശ്നം അല്പം പോലും അംഗീകരിക്കാതെ മാവോയിസ്റ്റുകൾ തങ്ങളുടെ ലക്ഷ്യപ്രാപ്തിക്കായി അവരെ ഉപയോഗപ്പെടുത്തുന്ന ക്രൂരമായ രീതി തിരിച്ചറിയാനാകാത്ത അരുന്ധതിറോയിയുടെ വികലമായ വിശകലന രീതി തന്നെയാണ് ഇക്കാര്യത്തിലും പ്രതിഫലിച്ചത്.

മധ്യവർഗ്ഗക്കാരായ വിദ്യാർത്ഥികളും യുവതീയുവാക്കളുമാണ് ഡൽഹി മുന്നേറ്റത്തിൽ പ്രധാനപങ്കുവഹിച്ചതെന്ന് പറഞ്ഞുകൊണ്ട് അതിനെ താഴ്ത്തിക്കെട്ടാൻ ശ്രമിക്കുന്നവരുടെ സമീപനവും വികലമാണ്. ഇന്ത്യയിലെ ജനസംഖ്യയിൽ അമ്പതു ശതമാനത്തിലധികം പേരും മധ്യവർഗ്ഗ ജീവിതം നയിക്കുന്നവരാണെന്ന യഥാർത്ഥ്യം വിസ്മരിക്കുന്നവരാണ് ഇ

ത്തരം വിമർശകർ. സമൂഹത്തിലെ ഭൂരിപക്ഷം വരുന്ന സാമൂഹ്യ ജനവിഭാഗങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഒരു സമരത്തെ നിസ്സാരമാക്കി തള്ളാൻ ശ്രമിക്കുന്നവരുടെ നിക്ഷിപ്ത താത്പര്യങ്ങൾ തുറന്നുകാട്ടുകയാണ് വേണ്ടത്. സ്ത്രീപീഡനങ്ങൾക്കെതിരെയുള്ള ശബ്ദങ്ങൾ ഇന്ത്യയെപ്പോലെ സങ്കീർണ്ണവും ബൃഹത്തായ ഒരു സമൂഹത്തിന്റെ പൊതു വികാരമായി മാറുന്നതിന് പിന്നിൽ അനവധി ഭിന്ന ഘടകങ്ങളുടെ ഒത്തുചേരാൻ ആവശ്യമാണ്. അതൊന്നും പരിഗണിക്കാതെയുള്ള ലളിതവൽകൃത വിലയിരുത്തലുകളെ അവഗണിക്കുകയേ തരമുള്ളു.

അഖിലേന്ത്യാതലത്തിൽ ഉയർന്നു വന്ന ചർച്ചയ്ക്ക് പലമാനങ്ങളുണ്ടെങ്കിലും പ്രധാനമായും രണ്ടുതലത്തിലാണ് അവ കേന്ദ്രീകരിച്ചിരിക്കുന്നത്. ഒന്ന് നമ്മുടെ നിശ്ചല വ്യവസ്ഥ സ്ത്രീ സുരക്ഷയ്ക്ക് ഉതകും പടി

ആർ.എസ്.എസുകാരും ജമാഅത്തെ ഇസ്ലാമികളും മറ്റു ചില മതഗ്രൂപ്പുകളും ആൺ, പെൺ സമത്വത്തെ പരസ്യമായി എതിർക്കാൻ മുന്നോട്ടുവന്നിട്ടുള്ളത് കാണിക്കുന്നത് ഇവരൊന്നും നമ്മുടെ മതേതര ജനാധിപത്യ വ്യവസ്ഥയുടെ ഭാഗമായിട്ടില്ലെന്നാണ്. ഫ്യൂഡൽ മതബോധമാണ് അവരെ നയിക്കുന്നത്. മതേതരവ്യവസ്ഥ അനുവദിക്കുന്ന മതസ്വാതന്ത്ര്യം ജനാധിപത്യവിരുദ്ധമായ സാമൂഹ്യചട്ടങ്ങൾക്കുള്ള മറയാക്കാൻ അനുവദിച്ചുകൂടാ

ശക്തവും കർക്കശവുമാക്കുക എന്ന വാദമാണ്. രണ്ടാമത്തേത് പുരുഷമേധാവിത്തത്തിൽ അധിഷ്ഠിതമായ നമ്മുടെ സാമൂഹ്യഘടനയിൽ അഴിച്ചുപണി ആവശ്യമാണെന്ന അഭിപ്രായമാണ്. നിയമനിർമ്മാണവുമായി ബന്ധപ്പെട്ട ചർച്ചയിൽ ഉയർന്നു നിന്നത് വധശിക്ഷയും ഷണ്ഡീകരണവുമൊക്കെയാണ്. ഫ്യൂഡൽകാല നിയമവ്യവസ്ഥയോട് നമ്മുടെ ജനങ്ങളിൽ ഒരു വിഭാഗക്കാരന്റെ മാത്രമല്ല, പ്രമുഖ രാഷ്ട്രീയ പാർട്ടികളുടെ പോലും ആഭിമുഖ്യം കാണിക്കുന്നത് നമ്മുടെ ജനാധിപത്യവൽക്കരണത്തിന്റെ പിന്നോക്കാവസ്ഥയാണ്. നിലവിലുള്ള നിയമങ്ങൾ തന്നെ പഴുതുകളടച്ച് കർക്കശമായും വേഗത്തിലും നടപ്പിലാക്കിയാൽ തന്നെ കുറ്റകൃത്യങ്ങളെ വലിയൊരു പരിധിവരെ തടയാൻ കഴിയും. സ്ത്രീപീഡനകേസുകൾക്കു മാത്രമായുള്ള അതിവേഗ കോടതികൾ സ്ഥാപിക്കാനുള്ള സർക്കാർ നീക്കം സ്വാഗതാർഹമാണ്. അത്തരമൊരു കോടതികൾ കൂടുതൽ വ്യാപകമാക്കുകയാണ് ആവശ്യം. ഇരകളെ കൂടുതൽ പീഡിപ്പിക്കുന്ന ഇന്നത്തെ രീതികളിലും കാതലായ മാറ്റമുണ്ടാകണം.

നിയമനിർമ്മാണം കൊണ്ട് പ്രയോജനമുണ്ടാകാത്ത വിധമാണ് നമ്മുടെ സാമൂഹ്യസാഹചര്യം. പുരുഷമേധാവിത്ത സാമൂഹ്യഘടനയുടെ ഭാഗമാണ് നമ്മുടെ പോലീസും കോടതിയുമെല്ലാം. പുരുഷമേധാവിത്തം നടപ്പിലാക്കാൻ ചുമതലയേറ്റവരെപ്പോലെയാണ് പോലീസ് പെരുമാറുക. സ്ത്രീപീഡനകേസ് രജിസ്റ്റർ ചെയ്യാനും എഫ്.ഐ.ആർ തയ്യാറാക്കാനും വിമുഖത കാട്ടുന്നത് സ്വാഭാവികമാണ്. കേസായാൽപ്പോലും അത് ശരിയായി നടത്തുകയില്ല. ഈ കേസുകളിലെ ഭൂരിപക്ഷം പ്രതികളും ശിക്ഷിക്കപ്പെടാതെ പോകുന്നതും അതുകൊണ്ടാണ്. കോടതിയിലും ഈ അന്തരീക്ഷത്തിന്റെ സ്വാധീനം കാണാം. ഇങ്ങനെ നോക്കുമ്പോൾ സാമൂഹ്യഘടനയിലെ പരിഷ്കരണമാണ് നിർണ്ണായകമെന്ന് കാണാൻ വിഷമമില്ല.

സാമൂഹ്യഘടനയുടെ പ്രശ്നം പരിഗണിക്കുമ്പോൾ ആദ്യം തന്നെ ഉയർന്നു വരുന്ന വിഷയങ്ങളാണ് ബലാത്സംഗത്തിന് പിന്നിലുള്ള ജീവിശാസ്ത്രവും മനഃശാസ്ത്രവുമെല്ലാം. ജൈവപരിണാമ ചരിത്രം പരിശോധിച്ചാൽ ആൺ-പെൺ വിഭജനത്തിന് ശേഷം ആൺവിഭാഗം ശരാശരി കരുത്തരാണെന്ന് കാണാം. പക്ഷെ അതൊരു പൊതു ജീവശാസ്ത്ര നിയമമല്ല താനും. പെൺവിഭാഗം കരുത്തരായ ജീവജാതികളും നിലവിലുണ്ട്. ചില ജീവജാതികളിൽ ആൺവിഭാഗം കൂടുതൽ സുന്ദരന്മാരാണെങ്കിൽ മറ്റു ചിലവയിൽ പെൺവിഭാഗമാണ് സുന്ദരികൾ. അതിനും പൊതു നിയമമൊന്നുമില്ല. പരിണാമ പ്രക്രിയയിൽ വിവിധ ചേരുവകളുടെ യാദൃശ്ചിക സംഗമമാണ് ഇത്തരം സ്വഭാവങ്ങളെ നിർണ്ണയിച്ച് പ്രവർത്തിച്ചിട്ടുള്ളത്. മനുഷ്യജാതിയിൽ ആൺവിഭാഗത്തിനാണ് ശാരീരികമായ കരുത്ത് കൂടുതൽ. ലോകത്തിൽ ശരാശരി ആൺ കരുത്തിനേക്കാൾ കൂടുതൽ കരുത്തുള്ള പെണ്ണുങ്ങൾ ഏറെയാണ്. ശരാശരി പെൺകരുത്തിനേക്കാൾ ദുർബ്ബലരായ ആണുങ്ങളും ഏറെയാണ്. മനുഷ്യന്റേതുപോലെയുള്ള ഈ സമൂഹ്യസംവിധാനത്തിൽ വ്യക്തികളുടെ കരുത്തല്ല സാമൂഹ്യപദവിയുടെ മാനദണ്ഡം. ഗർഭധാരണവും അമ്മയും കുഞ്ഞും തമ്മിലുള്ള ദീർഘബന്ധവും പെണ്ണുങ്ങളെ

ദുർബലരാക്കുന്നു എന്ന വാദം അർത്ഥശൂന്യമാണ്. അത് യഥാർത്ഥത്തിൽ അവരെ സാമൂഹ്യമായി കൂടുതൽ കരുത്തുള്ളവരാക്കുകയാണ് ചെയ്യുന്നത്. മനുഷ്യവംശത്തിന്റെ ഉത്ഭവത്തിനുശേഷം ദീർഘകാലം നീണ്ടുനിന്ന ഗോത്രസമമൂഹ ഘട്ടത്തിൽ ലൈംഗിക ബന്ധത്തിന് വിലക്കുകളൊന്നും ഇല്ലാതിരുന്നതുകൊണ്ട്, കുഞ്ഞുങ്ങൾക്ക് അമ്മമാരെ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ടു തന്നെ അമ്മമാരെ കേന്ദ്രീകരിച്ചുള്ള ഗുണങ്ങളായിരുന്നു ദീർഘകാലം ഗോത്രങ്ങളുടെ അടിസ്ഥാനം. അടുത്തകാലം വരെയും നിലനിന്നുപോന്ന മാതൃദായക്രമ


വര: മേതിൽ വേണുഗോപാലൻ

ത്തിന്റെ അടിസ്ഥാനവും ഇതായിരുന്നു.

ജാതി, മതരാഷ്ട്രീയ, സാമ്പത്തിക പരിഗണനകൾ അതീതമായ ഒരുജനാധിപത്യത്തിൽ വ്യക്തികളുടെ അവകാശങ്ങൾ തുല്യമായി സംരക്ഷിക്കപ്പെടണമെന്ന് അംഗീകരിക്കപ്പെട്ടിട്ടുള്ള വീക്ഷണത്തിന്റെ ഭാഗം തന്നെയാണ് ലിംഗഭേദത്തിനതീതമായി ആൺ പെൺ വിഭാഗങ്ങളുടെ അവകാശസമത്വം. ആർ.എസ്.എസുകാരും ജമാഅത്തെ ഇസ്ലാമികളും മറ്റു ചില മതഗ്രൂപ്പുകളും ആൺ, പെൺ സമത്വത്തെ പരസ്യമായി എതിർക്കാൻ മുന്നോട്ടുവന്നിട്ടുള്ളത് കാണിക്കുന്നത് ഇവരൊന്നും നമ്മുടെ മതേതര ജനാധിപത്യ വ്യവസ്ഥയുടെ ഭാഗമായിട്ടില്ലെന്നാണ്. ഫ്യൂഡൽ മതബോധമാണ് അവരെ നയിക്കുന്നത്. മതേതരവ്യവസ്ഥ അനുവദിക്കുന്ന മതസ്വാതന്ത്ര്യം ജനാധിപത്യവിരുദ്ധമായ സാമൂഹ്യചട്ടങ്ങൾക്കുള്ള മറയാക്കാൻ അനുവദിച്ചുകൂടാ. ഇത്തരം പ്രാകൃത നിലപാടുകളോട് ജനാധിപത്യ സമൂഹം വിട്ടുവീഴ്ച ചെയ്യാൻ പാടില്ല.

മാനസിക രോഗാവസ്ഥയിൽ നിന്ന് ബലാൽസംഗക്കാരാകുന്നവരെക്കുറിച്ച് മനഃശാസ്ത്രജ്ഞൻമാർ പറയുന്നുണ്ട്. ഒരു ചെറിയ വിഭാഗം ആ കൂട്ടത്തിൽ പെടുന്നതായുണ്ട് എന്നത് വാസ്തവമാണ്. രോഗാവസ്ഥയൊന്നുമില്ലാത്തവരും ബലാൽസംഗികളാവുന്നുണ്ട്. ലൈംഗിക തൃപ്തി ശമിപ്പിക്കാനല്ല പെണ്ണിന് മേൽ ആണിന്റെ അധികാരം സ്ഥാപിക്കാനാണ് ബലാൽസംഗം ചെയ്യാൻ ചിലർ തയ്യാറാകുന്നതെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. അത്തരമൊരു ഘടകമുണ്ടാകാം. ഏതാനും പേരിൽ മാത്രമായി നിൽക്കുന്ന ഒരു അധികാര ചിന്തയല്ല അത്. ഒരു സാമൂഹ്യ ഘടനകളുടെ ഭാഗമാണ്. ഇപ്പോൾ ലഭ്യമായിട്ടുള്ള സ്ഥിതിവിവര കണക്കുകൾ പ്രകാരം ഒരു ലക്ഷം പുരുഷന്മാരിൽ 50 പേരിൽ താഴെയാണ് ബലാൽസംഗത്തിലും മറ്റും ഏർപ്പെടുന്നത്. അതായത് .0005 ശതമാനം. ഇത് വളരെ ചെറിയൊരു തോതാണെന്ന് തോന്നും. പക്ഷേ, 121 കോടി ജനങ്ങളുള്ള ഇന്ത്യയിൽ ഈ ചെറിയ തോത് തന്നെ വലിയൊരു സംഖ്യയാണ്. അതാണ് ഇന്ത്യൻ സമൂഹത്തെ അലോസരപ്പെടുത്തുന്നതും. ഒരാൾ പോലും ഒരു ബലാത്സംഗിയാകാതിരിക്കുന്ന ഒരു സമൂഹത്തെക്കുറിച്ചാണല്ലോ നാം ചിന്തിക്കേണ്ടത്. അപ്പോൾ ഇത്രയധികം പേർ ബലാൽസംഗികളായി കൊണ്ടിരിക്കുന്ന നമ്മുടെ സാമൂഹ്യാന്തരീക്ഷത്തിന് കാതലായ തകരാറുണ്ട് എന്ന് തന്നെ തിരിച്ചറിയണം. ആ തകരാറുകൾ കണ്ടെത്തി പരിഹരിക്കുകയാവണം നമ്മുടെ ലക്ഷ്യവും.

മുകളിൽ സൂചിപ്പിച്ച ഗോത്ര സമൂഹത്തിൽ സ്ത്രീ മേധാവിത്തപരമായ അവസ്ഥയ്ക്ക് കാതാലായ മാറ്റം വരുന്നത് സ്വകാര്യസ്വത്തിന്റെ ആവിർഭാവത്തോടു കൂടിയാണ്. സ്വത്തിനുമേൽ പുരുഷന് ആധിപത്യം സ്ഥാപക്കാനായതോടെ സമൂഹത്തിലും അത് സാധ്യമായി. പുരുഷന്റെ സ്വത്ത് അവന്റെ സന്തതികൾക്ക് തന്നെ ലഭിക്കുന്നത് ഉറപ്പുവരുത്താനാണ് സ്ത്രീകൾ ചാരിത്ര്യം പാലിക്കണമെന്ന നിബന്ധന പുരുഷൻ അടിച്ചേൽപ്പിച്ചത്. തന്റെ കുഞ്ഞുതന്നെയാണ് ജനിക്കുന്നത് എന്ന് ഉറപ്പുവരുത്താനുള്ള മാർഗ്ഗം മാത്രമായിരുന്നു അത്.

## അടുത്തലക്കത്തിൽ

**പശ്ചിമഘട്ടം പ്രത്യേകലക്കം തുടർച്ച–**
കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ മുൻ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റും പരിസ്ഥിതി-സാമ്പത്തിക വിദഗ്ദ്ധനുമായ
**ഡോ. സി.ടി.എസ് നായർ**
എഴുതുന്നു...

പെൺകുട്ടികൾ കൃത്രിമമായി വേർതിരിച്ചു വളർത്തപ്പെടുന്ന സാഹചര്യത്തിൽ അവർക്കിടയിൽ ഈ ആരോഗ്യകരമായ ബന്ധം അസാധ്യമായി തീരുന്നു. പലഘട്ടങ്ങളിലായി അവർക്കിടയിൽ വളർന്നു വന്ന അകൽച്ച രണ്ടു വിഭാഗങ്ങളെയും ലൈംഗിക പട്ടിണി എന്ന് വിളിക്കാവുന്ന ഒരു കൃത്രിമാവസ്ഥയിൽ എത്തിക്കുന്നു. രതിബന്ധത്തിന്റെ അഭാവത്തെക്കുറിച്ചു മാത്രമല്ല, ചെറുപ്പം മുതൽക്കേയുള്ള ആൺ,പെൺബന്ധത്തിന്റെ അഭാവം സൃഷ്ടിക്കുന്ന മൊത്തത്തിലുള്ള കൃത്രിമാവസ്ഥയെക്കുറിച്ചാണ് ലൈംഗിക പട്ടിണി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

പലവിധ നിയന്ത്രണങ്ങൾക്ക് വിധേയമായി വളരുന്ന പെൺ സമൂഹം ഈ പട്ടിണി മൂടിവെക്കുന്നു. ആൺ സമൂഹം ഇത് പല രീതിയിൽ പ്രകടിപ്പിക്കുന്നു. ഒളിഞ്ഞുനോട്ടം മുതൽ ബലാൽസംഗം വരെ അതെത്തുകയും ചെയ്യുന്നു. ലോഡ്ജിൽ റൂമെടുക്കുന്ന കാമുകീകാമുകന്മാരുടെ പിന്നാലെ എത്തി നിയമവിരുദ്ധമായി റെയ്ഡ് ചെയ്ത് അവരെ അറസ്റ്റു ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥനിൽ പ്രവർത്തിക്കുന്നത് ഈ ഒളിഞ്ഞുനോട്ട മനോഭാവമാണ്, നിയമപരിപാലന ഉത്തരവാദിത്വമല്ല. കോൺഗ്രസ് നേതാവ് ഉണ്ണിത്താനും സഹപ്രവർത്തകയും സഞ്ചരിച്ച കാറിനെ പിന്തുടർന്ന രാഷ്ട്രീയക്കാരെന്ന് പറയുന്ന ആൾക്കൂട്ടവും ഈ ഒളിഞ്ഞു നോട്ടക്കാർ തന്നെയായിരുന്നു. ലൈംഗിക പട്ടിണി അനുഭവിക്കുന്ന രോഗാതുരമായ ഒരു സമൂഹത്തിന്റെ പ്രതിഫലനങ്ങളാണിവരെല്ലാം.

നമ്മുടെ സമൂഹം ഈ അവസ്ഥയിൽ നിന്ന് കരകയറണമെങ്കിൽ ഈ രോഗാവസ്ഥയുടെ ഗൗരവം തിരിച്ചറിയണം. ഇപ്പോഴത്തെ സാഹചര്യത്തിൽ ഈ തിരിച്ചറിവ് നേടാൻ തന്നെ ശ്രമാവഹമാണ്. തിരിച്ചറിയാൻ തുടങ്ങുന്നതോടെ തിരുത്തൽ പ്രക്രിയയും സാധുകമായേക്കും. ഇപ്പോഴത്തെ ചർച്ചകൾ ഈ തിരിച്ചറിയൽ പ്രക്രിയയ്ക്ക് തുടക്കം കുറിയ്ക്കുമെന്ന് പ്രതീക്ഷിക്കാം. ■

അതുകൊണ്ടാണ് സ്ത്രീയ്ക്കു മാത്രം ബാധകമായ ഏകപക്ഷിയ സംവിധാനമായി അത് മാറിയത്. പുരുഷന് അത് പാലിക്കാൻ ബാധ്യതയില്ല. ഇതോടെ സ്ത്രീ സാമൂഹ്യമായി ഏറെ ദുർബ്ബലയും പുരുഷൻ ഏറെ കരുത്തനുമായി തീർന്നു. ചാരിത്ര്യലംഘനം സംഭവിച്ചു പോയാൽ അതോടെ സ്ത്രീയുടെ ജീവിതം തകർന്നു എന്ന വിവേചനപരമായ സാമൂഹ്യാന്തരീക്ഷമാണ് പുരുഷമേധാവിത്തത്തിന്റെ അടിത്തറ. ഈ വികല സാമൂഹ്യഘടനയുടെ പൊളിച്ചെഴുത്തിലൂടെയല്ലാതെ, സ്ത്രീ പുരുഷ സമത്വം നേടിയെടുക്കാനാവില്ല. ചാരിത്ര്യ സങ്കല്പം തകർന്നാൽ കുടുംബം തകർന്നു പോകും എന്ന ധാരണയാണ് സമൂഹത്തിൽ രൂഢമൂലമായി നിലനിർത്തപ്പെട്ടുപോരുന്നത്. സാമ്പത്തികമായും മതപരവും ആചാരപരവും മറ്റുമായ സമ്മർദ്ദത്തിലൂടെ നിലനിർത്തപ്പെടുന്ന കുടുംബഘടനയാണ് ഇന്നുള്ളത്. ഈ വികല പാടെ പുനഃസംഘടിപ്പിക്കപ്പെട്ടാൽ മാത്രമെ പ്രണയത്തിന്റെയും സ്നേഹത്തിന്റെയും ജൈവീകബന്ധങ്ങളുടെ അടിസ്ഥാനത്തിലുള്ള ജീവത്തായ കുടുംബം ഉണ്ടാവൂ. ആരോഗ്യകരമായ ജനാധിപത്യ സമൂഹത്തിന്റെ അടിത്തറ ഇത്തരം കുടുംബങ്ങളായിരിക്കണം.

നിലവിലുള്ള കൃത്രിമമായ സദാചാര സങ്കല്പങ്ങളുടെ തുടർച്ചയെന്നോണമാണ് നമ്മുടെ സമൂഹത്തിൽ ആൺ, പെൺകുട്ടികൾ വേർതിരിച്ചു വളർത്തപ്പെടുന്നത്. വിദ്യാലയങ്ങളിലും സമൂഹത്തിൽ മൊത്തത്തിൽ തന്നെയും ഈ വേർതിരിച്ച് സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ വലുതാണ്. സ്വാഭാവികമായ ആൺ പെൺ ബന്ധങ്ങൾ സാധ്യമാല്ലാതാവുന്നു. പ്രകൃതി ആൺ,പെൺ വേർതിരിച്ച് സൃഷ്ടിച്ചപ്പോൾ തന്നെ ആൺ, പെൺ പരസ്പരാകാർഷണത്തിനുള്ള അനവധി ഉപാധികൾ കൂടി സൃഷ്ടിച്ചു.
ആൺ,പെൺകുട്ടികൾ ഇടപഴകി ജീവിക്കുന്ന ഒരു സമൂഹത്തിൽ അവർ വളരുന്നതിനനുസരിച്ച് ഈ പരസ്പരാകർഷണ പ്രക്രിയ മാറിമാറി വരുന്ന രൂപങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കും. അവർക്കിടയിൽ ജീവത്തായതും സ്വാഭാവികവുമായ ബന്ധം വളർത്തിയെടുക്കുകയും ചെയ്യും. അവരുടെ ആരോഗ്യകരമായ വ്യക്തിത്വ വികാസത്തെ അത് സഹായിക്കുകയും ചെയ്യും. കൗമാര പ്രായം കഴിയുമ്പോഴേക്കും ഇത് പക്വമായ സ്ത്രീ പുരുഷബന്ധത്തിന്റെ തലത്തിലേക്ക് വളരുകയും ചെയ്യും. എന്നാൽ ആൺ

## അരുന്ധതി പറഞ്ഞത്

ഡൽഹിയിൽ പെൺകുട്ടി ബലാൽസംഗത്തിന് ഇരയായ സംഭവത്തെ തുടർന്ന് രാഷ്ട്രപതി ഭവനു മുന്നിൽ നടന്ന പ്രതിഷേധ സമരം ഇന്ത്യൻ സമൂഹത്തിന്റെ വർഗ്ഗബോധത്തിന്റെ പ്രതിഫലനം മാത്രമാണ്. ബലാൽസംഗത്തിന് ഇരയായത് ഒരു മദ്ധ്യവർഗ്ഗ പെൺകുട്ടിയും പ്രതികൾ ദരിദ്രരും ആയതുകൊണ്ടാണ് ഇത്രയധികം പ്രതിഷേധമുണ്ടായത്. മേൽ ജാതിക്കാരോ, പട്ടാളമോ പോലീസോ അടിച്ചമർത്താനും അടിച്ചോതുക്കാനുമായി ബലാൽസംഗത്തെ ഒരായുധമാക്കി മാറ്റുമ്പോൾ അവർക്ക് ശിക്ഷ ലഭിക്കുന്നേയില്ല.